(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനും ഗതാഗതം പുനഃസ്ഥാപിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) ചിറങ്ങര റെയിൽവേ ക്രോസിംഗിൽ മേൽപ്പാലം നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) കൊരട്ടി പൊങ്ങം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല.

(സി) ചിറങ്ങര റെയിൽവേ ക്രോസിൽ മേൽപ്പാലം നിർമ്മിക്കുന്നതിനായി ജനറൽ അറേഞ്ച്മെന്റ് പ്ലാനിംഗ്, ആർ.ബി.ഡി.സി.കെ. തയ്യാറാക്കി റെയിൽവേക്ക് പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

ചേലക്കര ബൈപ്പാസ് നിർമ്മാണം

318 (1403) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി പുതുക്കി നൽകുവാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2009-ൽ നൽകിയ ഭരണാനുമതി പ്രകാരം പുതിയ ബൈപാസ് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത റോഡിൽ വർദ്ധിച്ച വാഹന ഗതാഗതവും മറ്റ് തിരക്കുകളും കാരണമുണ്ടാകുന്ന ഗതാഗതക്കുരുക്കുകളും അപകടങ്ങളും ഒഴിവാക്കുവാൻ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി പുതുക്കി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2500 ലക്ഷം രൂപയുള്ള ഭരണാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly